**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3552** **12-03-2025 - ൽ മറുപടിയ്ക്ക്**

**ഫ്ലോട്ടിങ് സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ, എൻജിനീയറിങ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനത്തിൽ സംവരണ വിഭാഗങ്ങളുടെ സീറ്റ് നഷ്ടം ഒഴിവാക്കാൻ ഏർപ്പെടുത്തിയ ഫ്ലോട്ടിങ് സംവരണം ഒഴിവാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; ഇത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി പ്രവേശന പരീക്ഷ കമ്മീഷണർക്ക് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത തീരുമാനം പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) | മെഡിക്കൽ, എൻജിനീയറിങ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനത്തിൽ സംവരണ വിഭാഗങ്ങളുടെ സീറ്റ് നഷ്ടം ഒഴിവാക്കാൻ ഏർപ്പെടുത്തിയ ഫ്ലോട്ടിങ് സംവരണം ഒഴിവാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടില്ല. ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി പ്രവേശന പരീക്ഷ കമ്മീഷണർക്ക് കത്ത് നൽകിയെങ്കിലും പ്രസ്തുത കത്തിന്മേലുള്ള നടപടി ഒന്നും എടുത്തിരുന്നില്ല. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. പ്രവേശന പരീക്ഷയും അനുബന്ധ അഡ്മിഷനുകളുമായി ബന്ധപ്പെട്ടുള്ള ഫ്ലോട്ടിങ് റിസർവേഷൻ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ കോളേജുകളിൽ റിസർവേഷൻ സീറ്റുകളുടെ എണ്ണത്തിൽ ഗൗരവകരമായ വ്യത്യാസം കാണുന്നു എന്നും നിലവിലെ ഫ്ലോട്ടിങ് സംവിധാനത്തിലൂടെ കൂടുതൽ സംവരണ യോഗ്യരായ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുന്നുണ്ടെന്നും ആയതിനാൽ നിലവിലെ സംവിധാനം ആണോ അതോ പകരമുള്ള മറ്റേതെങ്കിലും സംവിധാനമാണോ കൂടുതൽ മെച്ചമെന്ന് വിദഗ്ധ സമിതി പരിശോധിക്കേണ്ടതാണെന്ന് 2025-26 വർഷത്തെ കീം എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 04.02.2025 ന് ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്

06-03-2024,തിരുവനന്തപുരം

നമ്പർ.HEDN-G3/59/2022-HEDN

പ്രിൻസിപ്പൽ സെക്രട്ടറി

പ്രവേശന പരീക്ഷാ കമ്മീഷണർ,
കെ എസ് ആർ ടി സി ബസ് ടെർമിനൽ കോംപ്ലക്സ്, തമ്പാനൂർ,
തിരുവനന്തപുരം.

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ സംവരണത്തിൽ ഫ്ളോട്ടിങ് റിസർവേഷൻ അവസാനിപ്പിക്കുന്നത് സംബന്ധിച്ച്:-

സൂചന:- സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 05.01.2024 തീയതിയിലെ ACB1/46155/22/DTE നമ്പർ കത്ത്.

സൂചന കത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ സംവരണത്തിൽ ഫ്ളോട്ടിങ് റിസർവേഷൻ ഒഴിവാക്കി സ്ഥാപനതല റിസർവേഷൻ നടപ്പിലാക്കുന്നതിനു സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത വിവരം പ്രോസ്പെക്ടസിൽ ഉൾപ്പെടുത്താൻ നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,
സി അജയൻ
അഡിഷണൽ സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Gopakumar C R
Date: 06-03-2024 12:46:29
സെക്ഷൻ ഓഫീസർ.

പകർപ്പ്:സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം

സെക്ഷൻ ഓഫീസർ